**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1746** **11-10-2024 - ൽ മറുപടിയ്ക്ക്**

**കുസാറ്റിലെ എൽ. എം. പൈലി ചെയർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | പ്രൊഫസർ എൽ.എം. പൈലിയെ ആദരിക്കുന്നതിന്റെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ 2010 ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് എൽ.എം. പൈലി ചെയർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ് ഓഫ് കൊച്ചി എന്ന ചെയർ സ്ഥാപിക്കുകയും പിന്നീട് ഈ ചെയർ ഇതിനായി തുക ചെലവഴിക്കേണ്ടതില്ലാത്ത രീതിയിൽ 2023 ൽ എൽ.എം. പൈലി സെന്റർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ് ഓഫ് കൊച്ചി എന്ന രീതിയിൽ പുന:സംഘടിപ്പിക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 13-04-2023 ലെ G.O(Rt)No.551/2023/HEDN പ്രകാരം എൽ. എം. പൈലി ചെയറിനെ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ല എന്ന വ്യവസ്ഥക്ക് വിധേയമായി എൽ.എം. പൈലി സെന്റർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ് ഓഫ് കൊച്ചി എന്ന രീതിയിൽ പുനസംഘടിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ എൽ.എം. പൈലി ചെയറിനോടൊപ്പം തന്നെ 2010 ൽ 112.7 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ട് സ്ഥാപിച്ച ഡോ. സുകുമാർ അഴീക്കോട് ചെയർ ഓൺ ലിറ്ററേച്ചർ ചെയറിന് പിന്നീട് ഭരണാനുമതി പുതുക്കി നൽകിക്കൊണ്ട് പ്രത്യേക ഹെഡ് അനുവദിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഡോ. സുകുമാർ അഴിക്കോട് ചെയറിന്റെ ഭരണാനുമതി പുതുക്കി നൽകിയെങ്കിലും പ്രത്യേക ഹെഡ് അനുവദിച്ചിട്ടില്ല. |
| (സി) | വിപുലമായ അധികാരങ്ങളും സ്വന്തമായിട്ട് കോഴ്സ് നടത്തുന്നതിനുള്ള സംവിധാനങ്ങളും ഉള്ള എൽ.എം. പൈലി ചെയർ ഫോർ ഹോളിസ്റ്റിക് ഡെവലപ്മെന്റ് ഓഫ് കൊച്ചി ചെയർ ഇതിനായി അനുവദിച്ച തുക ചെലവഴിക്കുന്നതിന് പ്രത്യേക ഹെഡ് സ്ഥാപിച്ചുകൊണ്ട് ഇതിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് തിരികെ ചെയർ ആയി തന്നെ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല . |

സെക്ഷൻ ഓഫീസർ